# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/2137/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/2137/22 തീയ്യതി: 27/03/2023

## കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സിന്ധു റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.റജിന എ എസ്, ഓഡിറ്റർ
ശ്രീമതി. അമല സെർമിയാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ. എം അൻസർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈനി.ബി.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാരോൺ ബിൻ റഷീദ് | അസി.എഞ്ചീനിയർ | 01-04-2021 | 27-01-2022 |
| ശ്രീമതി. രേഖ ജി ശശിധരൻ | അസി.എഞ്ചീനിയർ | 28-01-2022 | 31-01-2022 |
| ശ്രീ സുബിൻ എസ് | അസി.എഞ്ചീനിയർ | 01-02-2022 | 31-03-2022 |
| ശ്രീ. അനീഷ്. എസ്. | അസി.സെക്രട്ടറി | 01-04-2021 | 04-01-2022 |
| ശ്രീമതി മേരി ചെറിയാൻ | അസി.സെക്രട്ടറി ഇൻ ചാർജ് | 05-01-2022 | 21-01-2022 |
| ശ്രീ.രാജീവ് ജെ | അസി.സെക്രട്ടറി | 22-01-2022 | 31-03-2022 |
| ശ്രീ. ഷോണി. എസ്. പി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ സി ജി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് ഡി | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2021 | 22-11-2021 |
| ശ്രീമതി പാർവ്വതി ചന്ദ്രൻ | ഡയറിഫാംഇൻസ്ട്രക്ടർ | 23-11-2021 | 31-03-2022 |
| ശ്രീമതി. സോഫിജി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുല എസ് | അസി.എഞ്ചീനിയർ ,എൻ ആർ ഇ ജി എസ് | 01-04-2021 | 31-03-2022 |
| ഡോ. അപ്സര | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അനിത ബി വി | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ഹരികുമാർ നമ്പൂതിരി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. അമ്പിളി. പി. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു. ജെ | വി.ഇ.ഒ വെളിനല്ലൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു. എസ്. | വി.ഇ.ഒ കാളവയൽ സർക്കിൾ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല | 1-11 |
| 13 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസ**ൻ**സ് വിവരങ്ങൾ പരിശോധിക്കണം | 1-12 |
| 14 | സ്ഥാപനങ്ങ**ൾ** തൊഴി**ൽ** നികുതി ഒടുക്കുന്നില്ല. | 1-13 |
| 15 | നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല | 1-14 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക അടവാക്കാനായി അവശേഷിക്കുന്നു | 1-15 |
| 17 | മഴക്കാലപൂർവ്വ ശുചീകരണം - 2021-22 സാമ്പത്തിക വർഷമം പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല. | 1-16 |
| 18 | 11-ാം ശമ്പളപരിഷ്കരണ കുടിശ്ശിക തെറ്റായി കെ.പി.എഫി**ൽ** ഒടുക്കു വരുത്തി | 1-17 |
| 19 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-18 |
| 20 | മരുന്നുകൾ KMSCL-ൽ നിന്നും ലഭിച്ചിട്ടില്ല. | 1-19 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 1-20 |
| 22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല. | 1-21 |
| 23 | വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി | 1-22 |
| 24 | അങ്കണവാടി പോഷകാഹാര വിതരണം - THRS സ്റ്റോക്ക് പരിപാലിക്കുന്നതിലെ അപാകതകൾ | 1-23 |
| 25 | ഇത്തിക്കര ആറ്റിൽ ജലസംരക്ഷണ ചെക്ക് ഡാം 2019-20 സാമ്പത്തിക വർഷത്തിൽ നിക്ഷേപക പ്രവൃത്തിയായി ആരംഭിച്ച ചെക്ക് ഡാം നിർമ്മാണം ഇനിയും തുടങ്ങിയിട്ടില്ല | 1-24 |
| 26 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഇലക്ട്രിക്ക് പ്രവൃത്തികളിൽ ടെണ്ടർ | 1-25 |

| | | |
|---|---|---|
| | കുറവു വരുത്താതെ അന്തിമ ബിൽ നല്കിയതുമൂലം അധികം നല്കിയ 76,765/- രൂപാ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തിരികെ ഈടാക്കി. | |
| 27 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 91,423/- രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം | 1-26 |
| 28 | മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫാറവില തനതുഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-27 |
| 29 | മരാമത്ത് പ്രവൃത്തികളുടെ അന്തിമബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയില്ല. 1,06,543/- രൂപാ അധികം ചെലവഴിച്ചു. | 1-28 |
| 30 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ, പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-29 |
| 31 | പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചത് - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-30 |
| 32 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-31 |
| | ഭാഗം **2** | |
| 1 | കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല | 2-1 |
| | ഭാഗം **3** | |
| 1 | അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി - വാങ്ങിയ THRS മുഴുവൻ വിതരണം ചെയ്തിട്ടില്ല | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ്പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

22/02/2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 25-5-22 | - | |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

1. COVID – CFLTC അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. VSCB Oyoor WGDP-ന്റെ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 31.3.20 ലെ നീക്കിയിരുപ്പ് തുക 13,52,395/-രൂപയാണ്. തുടർന്നുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. AFS പ്രകാരം നീക്കിയിരിപ്പ് തുക 14,62,751/-രൂപയാണ്. കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ടി അക്കൗണ്ട് ക്ലോസ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. VSCB OWN FUND – നീക്കിയിരിപ്പിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടുള്ള Uncashed Cheque തുകയായ 8,356/- രൂപയുടെ വിശദാംശങ്ങൾ ബോധ്യപ്പെട്ടിട്ടില്ല.

4. DCB Oyoor ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (നീക്കിയിരിപ്പ് തുക-7,123/- രൂപ)
5. B-12 ഡെപ്പോസിറ്റ് (Investment) തുകയായ 25,73,638/-രൂപ 27.8.2020 ലെ FD ആണ്. 2021-22 ലെ FD ആയി ഉൾപ്പെടുത്തേണ്ടിയിരുന്നത് 27,73,095/-രൂപയാണ്.
6. സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
7. Capital Work In Progress – B-II (A) യിൽ രേഖപ്പെടുത്തിയിട്ടില്ല.
8. ഡെപ്പോസിറ്റ് ഇനങ്ങളുടെ വിശദാംശങ്ങൾ വാർഷിക കണക്കിലുൾപ്പെടുന്നതും രജിസ്റ്ററിൽ ഉൾപ്പെടുന്നതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
9. ലേലം വരവ് Abstract എഴുതി സൂക്ഷിച്ചിട്ടില്ല.
10. തൊഴിൽ നികുതി – Employees, Institutions, Traders – ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ പ്രകാരമുള്ള DCB യും AFS ലെ DCB യുമായി പൊരുത്തപ്പെടുന്നില്ല.
11. വാടക, D & O License എന്നീ ഇനങ്ങളുടെ DCB, AFS ലെ DCB യുമായി പൊരുത്തപ്പെടുന്നില്ല.
12. B-2 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള Other Earmarked Special Funds – 2,00,000/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
13. വസ്തുനികുതി AFS ലെ കണക്കുകളും സഞ്ചയയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
14. ലൈഫ് സ്റ്റേറ്റ് ഷെയർ വിഹിതം 21,00,000/-രൂപയാണെന്നിരിക്കെ വാർഷികകണക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത് 21,13,149/-രൂപയാണ്.
15. WGDP ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടുള്ളത് പലിശ ഒഴിവാക്കിയിട്ടുള്ള തുകയാണ്.
16. വാർഷിക ധനകാര്യ പത്രികയിൽ (RP-47) ഉൾപ്പെട്ടിട്ടുള്ള ഇത്തിക്കര ആറ്റിൽ കുടിവെള്ള സംരക്ഷണ ചെക്ക് ഡാം മുൻകൂർ ഒടുക്കിയ തുക 24,14,239/-രൂപയാണ്. എന്നാൽ മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് 23,20,000/-രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,10,55,345/-രൂപ |
| വരവ് | 9,01,54,941/-രൂപ |
| ആകെ | 10,12,10,286/-രൂപ |
| ചെലവ് | 8,86,50,213/-രൂപ |
| നീക്കിയിരിപ്പ് | 1,25,60,073/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 2,287/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 2,573/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,20,344 /-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16682000/- | 16682000/- | 16681830/- | 170/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 9501000/- | 9501000/- | 7371996/- | 2129004/- |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 14108000/- | 14108000/- | 12693300/- | 1414700/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6805520/- | 6805520/- | 3109740/- | 3695780/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( UnTied) ട്രഷറി | 0 | 1208233/- | 1208233/- | 1034267/- | 173966/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7312/- | 945402/- | 952714/- | 951714/- | 1000/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied) ബാങ്ക് | 0 | 4660000/- | 4660000/- | 3588143/- | 1071857/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( UnTied) ബാങ്ക് | 0 | 3156914/- | 3156914/- | 2129816/- | 1027098/- |
| WGDP | 1406491/- | 56260/- | 1462751/- | 0 | 1462751/- |
| ICDS | 1922062/- | 695794/- | 2617856/- | 1955000/- | 662856/- |
| TSC | 3134308/- | 362000/- | 3496308/- | 1122340/- | 2373968/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| Life State Share | 200000/- | 2100000/- | 2300000/- | 2030000/- | 270000/- |
| ശുചിത്വമിഷൻ | 12000/- | 0 | 12000/- | 0 | 12000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 148481383/- | 92 | 60438455/- | 48 | 9 | 62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,312/- | 9,45,402/- | 9,52,714/- | 9,51,714/- | 1,000/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,41,38,805/- | 8,41,38,805/- | 8,41,38,805/- | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 1,70,880/- |
| കർഷകതൊഴിലാളി പെൻഷൻ | 50,75,600/- |
| വിധവാ പെൻഷൻ | 2,05,17,700/- |
| വാർദ്ധക്യകാല പെൻഷൻ | 3,64,79,500/- |
| വികലാംഗ പെൻഷൻ | 73,48,700/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2,06,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,90,000/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2022 തീയതിയിൽ 1 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,177/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/05/2022 | 10/2021 – 03/2022 | 16/07/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/02/2014 | 2008-09 To 2012-13 | 11/04/2014 |

1-11 കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല

ശ്രീ. മുഹമ്മദ് റാഫി, ഫാത്തിമ മൻസിൽ, റോഡുവിള എന്ന വ്യക്തിയുടെ വാണിജ്യകെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം First Floorലെ കടമുറികൾക്ക് (ആകെ 233.97 ചതുരശ്ര മീറ്റർ) കെട്ടിടനികുതി നിർണ്ണയിച്ച് V/740, V/801,V/802, V/803 എന്നീ നമ്പറുകൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ മേൽ കടമുറികൾക്കൊപ്പം 20.16 ചതുരശ്ര മീറ്ററുള്ള സ്റ്റെയർ റൂമിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി<br>വസ്തുനികുതി Rs.90/$m^2$ | 20.16*90 = ₹1,815/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | ₹363/- |
| 5% LC | ₹109/- |
| ആകെ | ₹2,287/- |

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 20.16 ചതുരശ്ര മീറ്റർ സ്റ്റെയർ റൂമിന് വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്. നികുതി നിർണ്ണയത്തിലെ കുറവ് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായതിനാൽ തെറ്റായി നികുതി നിർണ്ണയിച്ച ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/18.11.22
വരവ് നഷ്ടം – 2,287/-രൂപ

1-12 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ പരിശോധിക്കണം

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന വ്യക്തികൾ ലൈസൻസ് എടുത്തിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര് | കടമുറി നം |
|---|---|---|
| 1 | സലീന ബീഗം | 1, 28 |
| 2 | മുജീബ് റഹ്മാൻ | 2, 27 |
| 3 | രതഭായ് | 3 |
| 4 | അനു എ. കമൽ | 4 |
| 5 | മുനീർ | 9 |
| 6 | അഫ്സൽ | 10 |
| 7 | ഫസിലുദ്ദീൻ | 12 |
| 8 | സജീന ബീവി | 13 |
| 9 | ഹനാസ് സലീം | 14 |
| 10 | നൗഷാദ് | 18 |
| 11 | ബാസ് ഖാൻ | 20 |

| | | |
|---|---|---|
| 12 | മരുകലാൽ | 21 |
| 13 | റിയാസ് | 22 |
| 14 | മുഹമ്മദ് ഇസ്മായിൽ | 23 |
| 15 | നസീല | 26 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കടമുറി നം 9, 10, 18, 20, 21, 22, 26 എന്നീ കടമുറികൾ ഒഴിഞ്ഞു കിടക്കുകയായിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ഷോപ്പിംഗ് കോംപ്ലക്സിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കടമുറികളുടെ വാടക ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കടമുറികൾ ഒഴിഞ്ഞുകിടക്കുകയാണെന്ന മറുപടി അംഗീകരിക്കുന്നില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/ 18.11.2022

1-13 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല എന്ന് കാണുന്നു.

I. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | 1 & 2 |
| 2 | എം.എസ് ഇൻഡസ്ട്രീസ് | 1 & 2 |
| 3 | മാർക്ക് ആർക്കിടെക്ചറൽ കോളജ് | 1 & 2 |
| 4 | വെളിനല്ലൂർ ദേവസം ബോർഡ് | 1 & 2 |
| 5 | കരിങ്ങന്നൂർ ക്ഷീര വികസന സംഘം | 1 & 2 |
| 6 | അമ്പലമുക്ക് ക്ഷീര വികസന സംഘം | 1 & 2 |
| 7 | വട്ടപ്പാറ ക്ഷീര വികസന സംഘം | 1 & 2 |

II. സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങൾ

1. ബി.എസ്.എൻ.എൽ.
2. മാർക്ക് ആർക്കിടെക്ചറൽ കോളജ്
3. കരിങ്ങന്നൂർ ക്ഷീര വികസന സംഘം
4. വട്ടപ്പാറ ക്ഷീര വികസന സംഘം
5. അമ്പലമുക്ക് ക്ഷീര വികസന സംഘം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തുന്നത് സംബന്ധിച്ച് റിട്ട് പെറ്റിഷൻ (WP(C) 29592/2022) ബഹു. ഹൈകോടതിയിൽ പരിഗണനയിൽ ഉണ്ട് എന്നും മറ്റ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭിച്ചു.

ബി.എസ്.എൻ.എൽ. ന്റെ സ്ഥാപന തൊഴിൽ നികുതി സംബന്ധമായി ബഹു: ഹൈകോടതി വിധി ആകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് സ്ഥാപനങ്ങളുടെ / ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 4 / 14.11.2022

1-14 നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല

ശ്രീ മുഹമ്മദ് റാഫി, ഫാത്തിമ മൻസിൽ, റോഡുവിള, ശ്രീമതി ജുമൈലത്ത്, പള്ളിതെക്കതിൽ, ചെറിയവെളിനല്ലൂർ എന്നീ വ്യക്തികൾ വാണിജ്യകെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വ്യക്തികളുടെ കടമുറികൾക്ക് കെട്ടിടനികുതി നിർണ്ണയിച്ച് വ്യത്യസ്ത നമ്പറുകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധിതിച്ചതിൽ കടമുറികൾക്കൊപ്പം എക്സിസ്റ്റിങ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട് (പാർപ്പിടാവശ്യം). എക്സിസ്റ്റിങ് ബിൽഡിംഗിന്റെ നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിലെ തറവിസ്തീർണ്ണവും സഞ്ചയയിലെ തറവിസ്തീർണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പേര് , മേൽവിലാസം | തറവിസ്തീർണ്ണം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | തറവിസ്തീർണ്ണം (സഞ്ചയ പ്രകാരം) | വ്യത്യാസം |
|---|---|---|---|---|
| V /587 | മുഹമ്മദ് റാഫി, ഫാത്തിമ മൻസിൽ, റോഡുവിള | 210 $M^2$ | 187.01 $M^2$ | 22.99 $M^2$ |
| V /429 | ജുമൈലത്ത്, പള്ളിതെക്കതിൽ, ചെറിയവെളിനല്ലൂർ | 150.40 $M^2$ | 100 $M^2$ | 50.40 $M^2$ |

സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 358 /15 തസ്വഭവ തീയതി 16.12.2015 പ്രകാരം വസ്തുനികുതി പരിഷ്കരണത്തിനു ശേഷം കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പുതിയകെട്ടിടമായി പരിഗണിച്ച് കൂട്ടിച്ചേർത്ത ഭാഗത്തിനു പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണെന്നിരിക്കെ ചട്ടവിരുദ്ധമായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലപരിശോധന നടത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.16/18.11.22

1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക അടവാക്കാനായി അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഒടുക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ | റൂം നമ്പർ | 2021-22 വർഷത്തെ കുടിശ്ശിക (₹) | മുൻ കുടിശ്ശിക (₹) | തുക (₹) |
|---|---|---|---|---|---|
| 1 | സെലീന ബീഗം | 1 | 50,400/- | 0 | 50,400/- |
| 2 | മുജീബ് റഹ്മാൻ | 2 | 25,200/- | 0 | 25,200/- |
| 3 | രത്ന ഭായ് | 3 | 26,460/- | 33,075/- | 59,535/- |
| 4 | അന്ന എ. കമൽ | 4 | 27,428/- | 34,285/- | 61,713/- |
| 5 | ഫസിലുദ്ദീൻ | 12 | 27,428/- | 0 | 27,428/- |
| 8 | മുരുകലാൽ | 21 | 10,080/- | 0 | 10,080/- |
| 9 | റിയാസ് | 22 | 11,800/- | 0 | 11,800/- |
| 10 | മുജീബ് റഹ്മാൻ | 27 | 9,240/- | 0 | 9,240/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 25-10-2022 ലെ 9-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കക്ഷികളുടെ ഡെപ്പോസിറ്റ് തുകയിൽ നിന്ന് നാളിതുവരെയുള്ള വാടക പലിശ സഹിതം ക്രമീകരിച്ച് ഈടാക്കി വാടകാവകാശം റദ്ദ് ചെയ്ത് കടമുറികൾ പുനർ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്

എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
എൻക്വയറി - 5/ 14.11.2022

1-16 മഴക്കാലപൂർവ്വ ശുചീകരണം - 2021-22 സാമ്പത്തിക വർഷമം പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായുള്ള ശുചിത്വമിഷൻ ഫണ്ട് അനുവദിച്ചിട്ടില്ല. വാർഡ് ഒന്നിന് 10,000/-രൂപ വീതമാണ് ചെലവഴിക്കേണ്ടിയിരുന്നത്. ജി.ഓ.(ആർ.ടി.)നം. 1052/2021 ത.സ്വ.ഭ.വ. തീയതി 27.05.2021 ൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ട സാഹചര്യം ഉള്ളതിനാൽ ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും ശുചിത്വമിഷൻ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ടി തുക തിരികെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തുക വകയിരുത്തി സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-17 11-ാം ശമ്പളപരിഷ്കരണ കുടിശ്ശിക തെറ്റായി കെ.പി.എഫിൽ ഒടുക്കു വരുത്തി

1) 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം സർക്കാർ ഉത്തരവ് (പി) നമ്പർ 27/2021 തീയതി 8/3/21 പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക (43) പ്രകാരം പുതുക്കിയ ശമ്പളം 2021 മാർച്ചിലെ ശമ്പളത്തോടൊപ്പം പണമായും കുടിശ്ശിക തുക 25% വീതം 1/4/2023, 1/10/2023, 1/4/2024, 1/10/2024 എന്നീ തീയതികളിൽ നാലു തുല്യ ഗഡുക്കളായി പി.എഫിൽ ലയിപ്പിക്കുന്നതിനും ക്ഷാമബത്ത കുടിശ്ശിക തുക 2021 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം പി.എഫിൽ അടവാക്കുന്നതിനും അനുമതി നൽകിയിരുന്നു. എന്നാൽ ക്ഷാമബത്ത കുടിശ്ശികയോടൊപ്പം ശമ്പളപരിഷ്കരണ കുടിശ്ശികയും ചേർന്ന തുക 17.4.2021 തീയതിയിലെ പഞ്ചായത്ത് ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ഒടുക്കുവരുത്തി. ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തിൽ 10,52,310/- രൂപയാണ് പഞ്ചായത്ത് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിലേക്ക് അടവാക്കിയത്. പഞ്ചായത്ത് ഡയറക്ടറുടെ 01/04/2022 തീയതിയിലെ PAN/1267/2022-PF-6(DP) നമ്പർ ഉത്തരവ് പ്രകാരം 7.1 ശതമാനം പലിശ ഉൾപ്പെടെ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തുവാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണ കുടിശ്ശിക ഇനത്തിലെ തുകയായ 10,52,310/- രൂപയിൽ 9,61,749/- രൂപ മാത്രമേ പലിശ ഉൾപ്പെടെ തിരികെ അടവാക്കിയിട്ടുള്ളു. ബാക്കി തുകയായ 90,561/- രൂപ 7.1 ശതമാനം പലിശ ഉൾപ്പെടെ തിരികെ ഒടുക്കു വരുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശമ്പളപരിഷ്കരണത്തെ തുടർന്ന് 01.07.2019ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം അന്ന് നിലവിലുള്ള 28% ക്ഷാമബത്ത കുടിശ്ശിക ലയിപ്പിക്കുമ്പോൾ മാത്രം പുതുക്കിയ ശമ്പളം ലഭിക്കുമായിരുന്നില്ല എന്നും മേൽ സാഹചര്യത്തിൽ ശമ്പളം പുതുക്കുന്നതിന് മുമ്പുള്ള ക്ഷാമബത്ത കുടിശ്ശിക സർക്കാർ ഉത്തരവ് (പി) നമ്പർ 25/2021 ഉത്തരവ് പ്രകാരം പി എഫിൽ ഒടുക്കുവരുത്തിയതിനാൽ 1.7.2019 തീയതി മുതലുള്ള പഴയനിരക്കിലുള്ള അടിസ്ഥാന ശമ്പളവും പുതിയ നിരക്കിലെ അടിസ്ഥാന ശമ്പളവും തമ്മിൽ വ്യത്യാസത്തിന് ആനുപാതികമായി പുതുക്കിയ നിരക്കിൽ ഉള്ള ക്ഷാമബത്ത കുറച്ചതിനുശേഷം ഉള്ള തുകയാണ് തിരികെ തനത് ഫണ്ടിൽ ഒടുക്കു വരുത്തിയത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഡി. എ. കുടിശ്ശിക തിരികെ അടവാക്കാതിരുന്നത് അംഗീകരിക്കാൻ കഴിയുകയില്ല. ഇത്തരത്തിൽ തെറ്റായ രീതിയിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ ജി.ഒ.(പി) 27/2021/ധന/10-02-2021 പ്രകാരം നാല് തവണകളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിൽ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണ കുടിശ്ശികകളുടെ തുകയുടെ ഒരു വലിയ ഭാഗം കൂടി മുൻകൂറായി ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുള്ളതായും പ്രസ്തുത തുകയ്ക്കു കൂടി പലിശ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ മേൽ തുക തിരികെ ജീവനക്കാരിൽ

നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

2) കൂടാതെ എൻ.പി.എസ്.-ൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിഹിതത്തോടൊപ്പം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ എൻ.പി.എസ്. വിഹിതവും എൻ.പി.എസ്. ഫണ്ടിലേയ്ക്ക് അടവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | അനുവദിച്ച ശമ്പളപരിഷ്കരണ കുടിശ്ശിക | | പെൻഷൻ വിഹിതം (₹) | പഞ്ചായത്ത് വിഹിതം (₹) |
|---|---|---|---|---|---|
| | | പെൻഷൻ വിഹിതം കുറവാക്കാതെ (₹) | പെൻഷൻ വിഹിതം കുറവാക്കി PF ൽ അടവാക്കിയത് (₹) | | |
| 1 | ദിവ്യ എസ് | 56,117/- | 50,506/- | 5,611/- | 5,611/- |
| 2 | പ്രീത എൽ | 54,412/- | 48,971/- | 5,441/- | 5,441/- |
| 3 | ലക്ഷ്മി നാരായണൻ | 64,595/- | 58,136/- | 6,459/- | 6,459/- |
| 4 | റീസാ ബീവി | 46,719/- | 42,048/- | 4,671/- | 4,671/- |
| ആകെ | | | | 22,182/- | 22,182/- |

ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ജീവനക്കാരുടെ എൻ.പി.എസ്. വിഹിതവും, പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 44,364/- രൂപ അടവാക്കിയിട്ടുണ്ട്. തെറ്റായി എൻ.പി.എസ്. ഫണ്ടിലേയ്ക്ക് അടവാക്കിയ 44,364/- രൂപ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധമായി ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ എൻ.പി.എസ്. വിഹിതവും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ എൻ.പി.എസ്. വിഹിതവും പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നെങ്കിലും കുടിശ്ശിക ഇനത്തിലെ എൻ.പി.എസ്. വിവരങ്ങൾ സ്ഥാപന ആപ്ലിക്കേഷനിൽ രേഖപ്പെടുത്താൻ സംവിധാനം ലഭ്യമല്ലാതിരുന്നതിനാൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും തുക ഇപ്പോഴും ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ എത്താതെ പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുകയാണ് എന്നും ആയത് തിരികെ ലഭ്യമാക്കുകയോ 2023 ഏപ്രിൽ മുതൽ ഒടുക്കുന്നതിന് അനുവദിക്കപ്പെട്ട കുടിശ്ശിക തുകയിൽ കുറവ് ചെയ്യുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായാണ് നടപടിക്രമങ്ങൾ നടത്തിയിട്ടുള്ളത് എന്നതിനാൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും കൃത്യവിലോപമുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ തുക ഒടുക്കുവരുത്തിയതിന് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണ്. അപാകതകളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി 1/13.10.2022

1-18 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 'ഹോംകോ'-യ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./തീയതി | തുക നൽകിയത് (₹) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 28/21-22 ഹോമിയോ മരുന്ന വാങ്ങൽ | 3,50,000/- (മെയി. ഫണ്ട്- റോഡിതരം) | 3,50,000/- | 3/21-22 14/02/22 | 3,50,000/- | 3,44,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ പ്രയോറിറ്റി ലിസ്റ്റ് അടിസ്ഥാനത്തിൽ മാത്രമേ ഹോംകോയിൽ നിന്നും നൽകുന്നുള്ളെന്നാണ്

മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 3,44,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. /15.11.2022

തടസ്സപ്പെടുത്തിയ തുക –3,44,000/- രൂപ

1-19 മരുന്നുകൾ KMSCL-ൽ നിന്നും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്നുകളുടെ വിലയിനത്തിൽ 1,50,000/-രൂപ മുൻകൂറായി KMSCLന് നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./തീയതി | KMSCLന് നൽകിയ തുക (₹) | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 61/21-22 പാലിയേറ്റീവ് കെയർ | 5,00,000/- (വികസനഫണ്ട് ജനറൽ) | 4,72,305/- (വികസനഫണ്ട്) ജനറൽ | 7/ 22.10.2021 | 1,50,000/- | 14,842/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് KMSCL മരുന്നുകൾ നൽകുന്നതാണെന്ന് മറുപടി അറിയിച്ചു. ലഭ്യമാകാത്ത മരുന്നുളുടെ തുകയായ 14,842/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/18.11.2

തടസ്സപ്പെടുത്തിയ തുക – 14,842/- രൂപ

1-20 കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (59/22) |
| അടങ്കൽ തുക | ₹4,25,000/- ( വികസന ഫണ്ട്)<br>₹4,25,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹8,50,000/-(BC Direct) |
| ചെലവ് തുക | 4,25,000/- (ബിൽ നം. 1/17.1.22) |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 68 കന്നുകുട്ടികൾക്കായി 6,250/- രൂപ നിരക്കിൽ 4,25,000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യാമാക്കിയിട്ടുള്ളത് 1,26,800/- രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നു എന്നാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,26,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-1,26,800/-രൂപ

1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ അഞ്ച് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് - നം. 122/22 ലൈഫ് ഭവന നിർമ്മാണം (എസ്.സി.)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി) | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത് |
|---|---|---|---|
| 1 | പ്രമീള, പ്രമീള ഭവൻ, ആക്കൽ വാർഡ് നം.9 | 40,000/- | 02.08.2021 |
| 2 | ഗിരിജ, ഗിരിജ ഭവൻ, അമ്പലംകുന്ന് | 40,000/- | 23.3.2022 |
| 3 | സരസമ്മ, ചരുവിള പുത്തൻ വീട്, അമ്പലംകുന്ന് | 40,000/- | 21.10.2021 |

ലൈഫ് ഭവന നിർമ്മാണം (ജനറൽ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി) | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത് |
|---|---|---|---|
| 1 | നജിയ, പ്ലാവിള വീട്, പെരുപുറം, വാർഡ് നം. 16 | 40,000/-<br>1,60,000/- | 30.08.2018 |
| 2 | കൊച്ചുകുഞ്ഞ്, ചരുവിള പുത്തൻവീട്, അമ്പലംകുന്ന് | 40,000/-<br>1,60,000/-<br>1,60,000/- | 20.01.2019<br>30.07.2019<br>07.01.2020 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

1-22 വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | വൃദ്ധർക്ക് കട്ടിൽ വിതരണം (98/22) |
| അടങ്കൽ തുക | ₹69,50,000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | ₹69,500/- (ബിൽ നം. 26/4.5.20) |

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ 16 എണ്ണം Hard Wood Single Cot Of Size 198x90cm, Front Leg 60 Cm, Back Leg 50 Cm, Bed Portion In 8mm Commercial Plywood കട്ടിലുകൾ 4,344/- രൂപ നിരക്കിൽ ARTISANS CORPORATION LTD എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
GO(Rt)No.1/2021/SPD Dtd 5.1.21 ഉത്തരവ് പ്രകാരമുള്ള ARTISANS CORPORATION LTDന്റെ റേറ്റ് കോൺട്രാക്ട് /Price List ൽ മേൽ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ ഉൾപ്പെട്ടിട്ടില്ല. Rate Contract ൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നിരിക്കെ ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 2-4-19 ലെ ജി.ഒ (ആർ.ടി) നം. 13/19 ഉത്തരവിൽ സ്റ്റോർ പർച്ചേസ്

ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെന്റർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാധനങ്ങൾ ടെന്റർ നടപടികൾ ഒഴിവാക്കി വാങ്ങിയിട്ടുണ്ട്.

ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടങ്ങൾ മറികടന്ന് പദ്ധതി നിർവ്വഹണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം സാധനങ്ങൾ വാങ്ങുന്നതിന് കർശനമായി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 10/16.11.2022.

## 1-23 അങ്കണവാടി പോഷകാഹാര വിതരണം - THRS സ്റ്റോക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി പ്രകാരം വാങ്ങിയ THRS സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതി, നം. | അങ്കണവാടി പോഷകാഹാര വിതരണം (45/22) |
| അടങ്കൽ തുക | ₹10,50,000/- (വികസനഫണ്ട് )<br>₹2,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹2,00,000/- (CFC ഫണ്ട്) |
| ചെലവ് തുക | ₹10,50,000/- (വികസനഫണ്ട്)-(ബിൽ നം.1/18.8.21)<br>₹1,95,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹2,00,000/- (CFC ഫണ്ട്) |

1. വാങ്ങിയ THRS മുഴുവൻ വിതരണം ചെയ്തിട്ടില്ല.

ഇൻ വോയ്സ് നം. 269/5.10.2020 പ്രകാരം വാങ്ങിയ 2541Kg THRSൽ 2506 Kg THRS മാത്രമേ അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ളൂ (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 11). ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് കുറവു വന്ന 35 Kg കല്പതരു ന്യൂട്രിമിക്സിൽ ആവശ്യപ്പെട്ടുകൊണ്ടു വിതരണം നടത്തി കൊള്ളാമെന്നാണ്. 2541Kg നായി തുക ഒടുക്കിയെങ്കിലും 2506 Kg മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ 35 കിലോഗ്രാമിന്റെ വില 2,573/- രൂപ(35x73.5) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. THRS വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഇൻവോയ്സ് നം. 278/25.11.2020 പ്രകാരം വാങ്ങിയ 2511Kg THRS സ്റ്റോക്കിലെടുത്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് 2511Kg THRS സ്റ്റോക്ക് രജിസ്റ്ററിലുൾപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ്. വാങ്ങിയ അളവിന്റെയും വിതരണത്തിന്റെയും കൃത്യത ബോധ്യപ്പെടാത്തതിനാൽ 2511Kg THRS വാങ്ങാനായി ചെലവഴിച്ച 1,84,558/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/15.11.22

നിരാകരിച്ച തുക- 2,573/- രൂപ

തടസ്സപ്പെടുത്തിയ തുക- 1,84,558/- രൂപ

1-24 ഇത്തിക്കര ആറ്റിൽ ജലസംരക്ഷണ ചെക്ക് ഡാം 2019-20 സാമ്പത്തിക വർഷത്തിൽ നിക്ഷേപക പ്രവൃത്തിയായി ആരംഭിച്ച ചെക്ക് ഡാം നിർമ്മാണം ഇനിയും തുടങ്ങിയിട്ടില്ല

വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിലെ ആറ്റൂർക്കോണം വാർഡിൽ ചെക്ക് ഡാം നിർമ്മാണം വഴി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പ്രോജക്ടാണ് ഇത്തിക്കര ആറ്റിൽ ജലസംരക്ഷണ ചെക്ക് ഡാം. എക്സി. എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ കൊല്ലത്തിന്റെ 10-10-2019 ലെ എ 8 564/2018 നമ്പർ കത്തിൽ ഇത്തിക്കര ആറ്റിൽ ജലസംരക്ഷണ ചെക്ക് ഡാം എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് 1,45,00,000/- രൂപാ ആവശ്യമായിട്ടുണ്ടെന്നും പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് താമസം കൂടാതെ നല്കുന്നതാണെന്നും അറിയിച്ചു. തുടർന്ന് ഇതേ ഓഫീസിലെ 25-10-2019 ലെ ഡി1 (ഡി5)-2890/ഇഇ/2019 കത്തിനോടൊപ്പം പ്രവൃത്തിയ്ക്കുവേണ്ടിയുള്ള 3,50,000/- രൂപായുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് നല്കുകയും ടി തുക 31-12-2019ൽ ടി സ്ഥാപനത്തിനു നല്കുകയും ചെയ്തു.

17-03-2020 ലെ II(I) കമ്മറ്റി തീരുമാനപ്രകാരം 50 ലക്ഷം രൂപാ ടി സ്ഥാപനത്തിൽ നിക്ഷേപിക്കുന്നതിന് അനുമതി ആവശ്യപ്പെടുകയും ആയതിൻ പ്രകാരം തുക നിക്ഷേപിക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷം ടി പ്രോജക്ടിനായി താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചു.

| ക്ര നം | ഒടുക്കിയ തുക | തീയതി |
|---|---|---|
| 1 | ₹3,50,000/- (ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ) | 31-12-2019 |
| 2 | ₹2,36,825/- | 23-03-2020 |
| 3 | ₹47,63,175/- | 23-03-2020 |
| | ആകെ (₹53,50,000/-) | |

2020-21

പ്രോജക്ട് - ഇത്തിക്കര ആറ്റിൽ കുടിവെള്ള ജലസംരക്ഷണ ചെക്ക് ഡാം (172 /21).

എക്സി. എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ കൊല്ലത്തിന്റെ 17-03-2021 ലെ ഡി 5-758 /ഇഇഐ /2021 കത്തിനോടോപ്പം 152 ലക്ഷം രൂപായുടെ താല്ക്കാലിക എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷം താഴെ കൊടുത്തിരിക്കും പ്രകാരം തുക കൂടി നിക്ഷേപിക്കുകയും ചെയ്തു.

| ക്ര നം | ഒടുക്കിയ തുക | തീയതി |
|---|---|---|
| 1 | ₹56,80,000/- | 19-03-2021 |
| | ആകെ ₹56,80,000/- | |

2021-22

പ്രോജക്ട് - ഇത്തിക്കര ആറ്റിൽ കുടിവെള്ള ജലസംരക്ഷണ ചെക്ക് ഡാം (S0097 /22).

22-02-2022 ലെ ടി സ്ഥാപനത്തിന്റെ കത്തിനോടൊപ്പം നല്കിയിട്ടുള്ള എസ്റ്റിമേറ്റ് താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| ക്ര. നം | ഇനം | തുക |
|---|---|---|
| 1 | ചെക്ക് ഡാം എസ്റ്റിമേറ്റ് | ₹1,48,00,000/- |
| 2 | സംരക്ഷണ പ്രവൃത്തി | ₹32,50,000/- |

05-03-2022 ലെ 1(5)നമ്പർ തീരുമാനപ്രകാരം ചെക്ക് ഡാമിനോടൊപ്പം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതി പ്രകാരം തുക ചെലവഴിക്കുവാൻ കഴിയുകയില്ലെന്നും ആയതിനാൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് റിവർ മാനേജ്മെന്റ് കമ്മറ്റിയോട് അഭ്യർത്ഥിക്കുകയും ഇതിൻപ്രകാരം ജില്ലാ കളക്ടർക്ക് കത്തു നല്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷം താഴെ കൊടുത്തിരിക്കും പ്രകാരം തുക കൂടി നിക്ഷേപിക്കുകയും ചെയ്തു.

| ക്ര നം | ഒടുക്കിയ തുക | തീയതി |
|---|---|---|
| 1 | ₹21,60,746/- | 10-03-2022 |
| 2 | ₹1,59,254/- | 23-03-2022 |
| | ആകെ-₹23,20,000/- | |

2021-22 സാമ്പത്തിക വർഷം വരെ 1,30,00,000/- രൂപാ ചെക്ക് ഡാം നിർമ്മാണത്തിനും 3,50,000/- രൂപാ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുമായി എക്സി. എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലത്തിന് നല്കിയിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം, നിലവിലെ സ്ഥിതി, ഇതുവരെ ചെലവഴിച്ച തുക, ഏർപ്പെട്ടിട്ടുള്ള കരാറുകൾ എന്നിവയിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 14-11-2022 ൽ ഓഡിറ്റ് അന്വേഷണം (നം- 03) നല്കുകയുണ്ടായി. ആയതിനു മറുപടിയായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നല്കിയ 3,50,000/-രൂപാ കൂടാതെ 1,48,00,000/- (ഒരു കോടി നല്പത്തിയെട്ടു ലക്ഷം) രൂപാ മുൻകൂറായി നല്കിയിട്ടുണ്ടെന്നും, കൊല്ലം മേജർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ടി പ്രവൃത്തിയുടെ 22-02-2022 ൽ നല്കിയിട്ടുള്ള എസ്റ്റിമേറ്റ് വീണ്ടും മാറ്റം വരുത്തിയിട്ടുണ്ടെന്നും, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ 31-03-2020, 20-03-2021, 23-03-2022 എന്നീ തീയതികളിൽ ഇറിഗേഷൻ വകുപ്പും, വെളിനല്ലൂർ ഗ്രാമ പഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചു. കൂടാതെ മേജർ ഇറിഗേഷൻ വകുപ്പിൽ നിന്നും, പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 16-11-2022 ൽ ഉദ്ഘാടനം നടത്തിയിട്ടുള്ളതായും, പ്രവൃത്തി ഉടൻ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുള്ളതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 1,48,00,000 (ഒരു കോടി നല്പത്തിയെട്ടു ലക്ഷം) രൂപാ നൽകിയതായി അറിയിച്ചെങ്കിലും ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം 1,33,50,000/-രൂപാ നിക്ഷേപിച്ചതായും 3,50,000/-രൂപയുടെ ഇൻവെസ്റ്റിഗേഷൻ ചെലവും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. അവശേഷിക്കുന്ന 14,50,000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1,48,00,000 (ഒരു കോടി നല്പത്തിയെട്ടു ലക്ഷം) രൂപാ മുൻകൂറായി നല്കിയിട്ടും പ്രവൃത്തിയുടെ നിർമ്മാണം പോലും ഇതുവരെ ആരംഭിക്കാത്തത് ഗുരുതരമായ സ്ഥിതി വിശേഷമാണ്. ആയതിനാൽ 2021-22 ൽ മുൻകൂറായി നിക്ഷേപിച്ചിട്ടുള്ള 23,20,000/- രൂപയുൾപ്പെടെ നാളിതുവരെ പ്രവർത്തിക്കായി എക്സി. എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ കൊല്ലത്തിന് നൽകിയ 23,20,000/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 ലെ പരാമർശം കൂടി പരിശോധിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നല്കിയ 3,50,000/- രൂപയിൽ വിനിയോഗസാക്ഷ്യപത്രപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന 6,630/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 03, തീ 14-11-2022.

1-25 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഇലക്ട്രിക്ക് പ്രവൃത്തികളിൽ ടെണ്ടർ കുറവ് വരുത്താതെ അന്തിമ ബിൽ നല്കിയതുമൂലം അധികം നല്കിയ 76,765/- രൂപാ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തിരികെ ഈടാക്കി.

പ്രോജക്ട് നം. 95/22, 117/22, 135/22 എന്നി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളിൽ അധികമായി സൂപ്പർവിഷൻ ചാർജ്ജും ചെക്ക് മെഷർമെന്റ് ചാർജ്ജും എന്നിവക്കായി അധിം ചെലവഴിച്ച 76,765/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി തിരികെ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 14-11-2022 ൽ ഓഡിറ്റ് അന്വേഷണം (നം. 2) നല്കിയതിനെ തുടർന്ന് 73,855/- രൂപ 19-11-2022 ലെ രസീത് നമ്പർ 1220202322/G021105 രസീത് പ്രകാരവും, 2,910/-രൂപ 19-11-2022ലെ രസീത് നമ്പർ 1220202321/G021105 രസീത് പ്രകാരവും, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കി. ക്രമ നം. (1), (2) എന്നിവയിലെ പരാമർശപ്രകാരം ഒടുക്കു വരുത്തിയിട്ടുള്ള 73,855/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കു

വരുത്തേണ്ടതാണ്.

**1-26 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 91,423/- രൂപാ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തണം**

സർക്കുലർ 59827/FM/07/തസ്വഭവ 30-10-2007 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2021-22 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ്.ടി. ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്ക വരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി.എസ്.ടി. എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ടാർ വീപ്പയുടെ വില (ജി.എസ്.ടി.ഉൾപ്പെടെ ഈടാക്കിയ തുക) (₹) |
|---|---|---|
| 1 | ഓയൂർ വയലിക്കര പാപ്പലോട് റോഡ്<br>അടങ്കൽ തുക - ₹12,67,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 39, തീ 30-03-2022 | 5,640/- |
| 2 | ഓയൂർ, കെ ഐ പി കനാൽ ക്ഷീര സംഘം റോഡ്<br>അടങ്കൽ തുക - ₹6,60,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 28 തീ 30-03-2022 | 2,820/- |
| 3 | ആറ്റൂർക്കോണം പള്ളി ആറ്റുമുഴിക്കടവ് റോഡ്<br>അടങ്കൽ തുക - ₹8,86,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 31 തീ 11-03-2022 | 4,512/- |
| 4 | പുളിക്കുഴി കുടുങ്ങാശ്ശേരി റോഡ്<br>അടങ്കൽ തുക - ₹8,35,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 36 തീ 21-03-2022 | 5,076/- |
| 5 | കൊല്ലൂർ റേഷൻകട കൊല്ലംവിള ഏലാ റോഡ്<br>അടങ്കൽ തുക – ₹7,83,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 29 തീ 04-03-2022 | 3,384/- |
| 6 | റോഡുവിള എൽ പി എസ് കണ്ടരമുക്ക് റോഡ്<br>അടങ്കൽ തുക – ₹8,65,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 35 തീ 09-03-2022 | 6,204/- |
| 7 | പാലക്കോണം മോട്ടോർക്കുന്ന് റോഡ്<br>അടങ്കൽ തുക – ₹11,10,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 43 തീ 30-03-2022 | 6,204/- |
| 8 | അടയറ മുണ്ടാമച്ചൽ ഏലാ റോഡ്<br>അടങ്കൽ തുക – ₹13,13,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 40 തീ 30-03-2022 | 8,404/- |
| 9 | ചുങ്കത്തറ പനയറക്കുന്ന് ആല്യംമൂട് റോഡ്<br>അടങ്കൽ തുക – ₹6,00,000/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 04 തീ 29-06-2021 | 7,864/- |
| 10 | മോട്ടോർക്കുന്ന് ഊറ്റുക്കുഴി റോഡ്<br>അടങ്കൽ തുക – ₹6,23,728/-(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>ബിൽ നം. 5 തീ 29-06-2021, | 1,966/- |
| 11 | ഓയൂർ, കൊക്കാട് പാപ്പലോട് റോഡ് | 20,220/- |

| | | |
|---|---|---|
| | അടങ്കൽ തുക – 14,92,000/-(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം. 06 തീ 29-06-2021 | |
| 12 | ആല്ലംമൂട് അഞ്ചൂറ്റിനാല് റോഡ്<br>അടങ്കൽ തുക – ₹7,10,000/-(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം. 25 തീ 21-01-2022, | 7,896/- |
| 13 | അമ്പലംകുന്ന് കിളിയൂർ വലിയവീട് റോഡ്<br>അടങ്കൽ തുക – ₹13,17,000/-(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം. 20 തീ 26-10-2021 | 11,233/- |
| | ആകെ | 91,423/- |

സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതും, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ടി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 08 തീ 16-11-2022.

1-27 മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫാറവില തനതുഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില 2018-19 സാമ്പത്തിക വർഷം വരെ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റു ചെയ്തിരുന്നത്. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 2014-15 മുതൽ 2018-19 സാമ്പത്തിക വർഷം വരെ താഴെ കൊടുത്തിരിക്കും പ്രകാരം തുക ലഭിക്കുവാനുണ്ട്.

| ക്രമ നം. | വർഷം | തുക (₹) |
|---|---|---|
| 1 | 2014-15 | 1,09,337/- |
| 2 | 2015-16 | 2,68,123/- |
| 3 | 2016-17 | 60,650/- |
| 4 | 2017-18 | 1,12,700/- |
| 5 | 2018-19 | 88,592/- |
| | ആകെ | 6,39,402/- |

ടി തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകാത്തത് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗൗരവതരമായ അനാസ്ഥയാണ്. ഭരണസമിതിയുടേയും, ധനകാര്യ സ്ഥിരം സമിതിയുടേയും സത്വര ശ്രദ്ധ ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

നിലവിൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില അസി. എഞ്ചിനീയറുടെ ഓയൂർ എസ് ബി ഐ അക്കൗണ്ടിലാണ് ക്രെഡിറ്റു ചെയ്തു വരുന്നത്. ടി അക്കൗണ്ടിൽ ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 21-10-2022 ൽ 2,02,700/- രൂപാ നീക്കിയിരുപ്പുണ്ട്. ടി തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 07/ 16-11-2022.

1-28 മരാമത്ത് പ്രവൃത്തികളുടെ അന്തിമബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയില്ല. 1,06,543/- രൂപാ അധികം ചെലവഴിച്ചു.

(I) പ്രോജക്ട് – വെളിനല്ലൂർ കാളവയൽ റോഡ് മെയിന്റനൻസ്, രണ്ടാം ഘട്ടം (149 /22)

അടങ്കൽ തുക – ₹3,10,000/-(സംരക്ഷണ ഗ്രാന്റ്, റോഡ് )

കരാറുകാരൻ- ശ്രീ. എ സലിം, വാഴവിള പുത്തൻവീട്, മീയന പിഒ, ഓയൂർ

കരാർ - 26/AE/LSGD/VLNR/21-22, Dt 15-02-2022

ടി പ്രവൃത്തി, ടെണ്ടർ ചെയ്തതിൽ ശ്രീ. എ സലിം, വാഴവിള പുത്തൻവീട്, മീയന പിഒ, ഓയൂർ എന്ന

വ്യക്തിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 12.76% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. പ്രവൃത്തിയുടെ അന്തിമ ബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹2,71,429/- |
| കൂട്ടുക ജി എസ് ടി 12% | ₹32,571/- |
| ആകെ | ₹3,04,000/- |

ബിൽ നം. 34 തീയതി 19-03-2022 പ്രകാരം തുക പിൻവലിച്ചു.

അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചില്ല. ഇതുമൂലം താഴെ കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹2,71,429/- |
| (-) ടെണ്ടർ കുറവ് 12.76% | ₹34,634/- |
| | ₹2,36,795/- |
| കൂട്ടുക ജി എസ് ടി 12% | ₹28,415/- |
| ആകെ | ₹2,65,210/- |

അധികം നല്കിയ തുക 3,04,000-2,65,210 = 38,790/- രൂപാ.

(II) പ്രോജക്ട് – പാലക്കോണം – കനകക്കുന്ന് റോഡ് മെയിന്റനൻസ്, രണ്ടാം ഘട്ടം (150/22)

അടങ്കൽ തുക - ₹5,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡ് )

കരാറുകാരൻ - ശ്രീ. എ സലിം, വാഴവിള പുത്തൻവീട്, മീയന പിഒ, ഓയൂർ

കരാർ - 24/AE/LSGD/VLNR/21-22, Dt 15-02-2022

ടി പ്രവൃത്തി, ടെണ്ടർ ചെയ്തതിൽ ശ്രീ. എ സലിം, വാഴവിള പുത്തൻവീട്, മീയന പിഒ, ഓയൂർ എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 13.76% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. പ്രവൃത്തിയുടെ അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹4,39,633/- |
| കൂട്ടുക ജി എസ് ടി 12% | ₹52,756/- |
| ആകെ | ₹4,92,389/- |

ബിൽ നം. 32 തീയതി 19-03-2022 പ്രകാരം തുക പിൻവലിച്ചു.

അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചില്ല. ഇതുമൂലം താഴെ കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹4,39,633/- |
| (-) ടെണ്ടർ കുറവ് 13.76% | ₹60,494/- |
| | ₹3,79,139/- |
| കൂട്ടുക ജിഎസ് ടി 12% | ₹45,497/- |
| ആകെ | ₹4,24,636/- |

അധികം നല്കിയ തുക 492389-424636 = 67,753/- രൂപാ

2 പ്രവൃത്തികളിലായി അധികം നല്കിയ 38790+ 67753 =1,06,543/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരികെ ഒടുക്കു വരുത്തേണ്ടതാണെന്ന് കാണിച്ച് 16-11-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം – 7) 1,06,543/-രൂപ പൂയപ്പള്ളി സബ്ട്രഷറിയിൽ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി ചെലാൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-07, തീ. 16-11-2022.

1-29 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ, പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് – തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (93/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക — ₹6,65,615/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

യുണൈറ്റഡ് ഇലക്ട്രിക്കൽസ് പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും, ഇൻവോയിസ് നം. 183 തീ 11-08-21, ഇൻവോയിസ് നം. 276 തീ 23-09-2021, ഇൻവോയിസ് നം. 321 തീ 20-10-21 എന്നിവ പ്രകാരം 6,65,614/- രൂപയുടെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുകയും, എ സി ആർ ബിൽ നം. 191, 28-01-2022 പ്രകാരം ടി തുക പിൻവലിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസിനു നല്കുകയും ചെയ്തു. ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 31-08-2018 ലെ സ.ഉ. സാധാ 2330/2018/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാമെന്നുള്ള ഉത്തരവുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ എൽ ഇ ഡി ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവുവിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം വിതരണം ചെയ്തിരിക്കുന്ന എൽ ഇ ഡി ലൈറ്റുകൾ പോളികാബ് എന്ന കമ്പനിയുടേതാണ്. വിതരണം ചെയ്ത ഉപകരണങ്ങൾ തുടർച്ചയായി കേടാകുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2) വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മാ പരിശോധന നടത്തിയിട്ടില്ല

3) വാങ്ങിയ ഉപകരണങ്ങളുടെ വാറണ്ടി കാലയളവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) 22-10-2021 ൽ സെക്രട്ടറി എ-3 3594 / 21 നമ്പരായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് പള്ളിമുക്ക്, കൊല്ലത്തിനയച്ച കത്തിൽ നിലവിൽ വാറന്റിയുള്ള 454 എൽ ഇ ഡി ബൾബുകൾ കേടായി കിടക്കുകയാണെന്നും ആയത് എത്രയും പെട്ടെന്ന് കൈപ്പറ്റി പുതിയവ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഇപ്രകാരം ടി സ്ഥാപനം ഉപകരണങ്ങൾ മാറ്റി നല്കിയിട്ടില്ല. വാറന്റി കാലയളവിൽ പുതിയ ഉപകരണങ്ങൾ നല്കേണ്ടതാണെന്നിരിക്കേ നാളിതുവരെ ഉപകരണങ്ങൾ മാറ്റിനല്കാതിരുന്ന സ്ഥാപനത്തിനെതിരെ ഏതെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ 454 എൽ ഇ ഡി ബൾബുകളുടെ വില 454 X 200 =90,800/- രൂപാ തടസ്സപ്പെടുത്തുന്നു.

വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മാ പരിശോധന നടത്താതിരുന്നതും, വാറന്റി കാലയളവിൽ ഉപകരണങ്ങൾ മാറ്റി നല്കാതിരുന്ന സ്ഥാപനത്തിനെതിരേ തുടർനടപടികൾ സ്വീകരിക്കാതിരുന്നതും ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകളാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 08, തീ 14-11-2022.

1-30 പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചത് - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പകൽ വീട് പദ്ധതിയിൽ കെയർ ഗിവറെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതിന് വേതനം അനുവദിച്ചതിൽ സബ്സിഡി മാർഗ്ഗ രേഖാ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി, നം. | പകൽ വീട് പദ്ധതി (45/22) |
| അടങ്കൽ തുക | ₹3,82,730/-(വികസനഫണ്ട് ) |
| ചെലവ് തുക | ₹34,230/-(ബിൽ നം.3/16.8.21) |

| | |
|---|---|
| | ₹37,870/-(ബിൽ നം.4/12.12.21)<br>₹38,803/-(ബിൽ നം.6/12.12.21)<br>₹43,310/-(ബിൽ നം.7/28.2.22)<br>₹42,000/-(ബിൽ നം.9/28.2.22) |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/18 തസ്വഭവ തീയതി 14.2.2018 ഖ.7.1.13 പ്രകാരം പകൽ വീട് നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7,000/- രൂപയിൽ അധികരിക്കാതെ വേതനം നൽകേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി കെയർ ഗിവർക്ക് (ശ്രീമതി ഉഷ ബി) പ്രതിമാസം 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്.

തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച മാസം | അനുവദിച്ച തുക (₹) |
|---|---|
| ജൂലൈ | 14,000/- |
| ഒക്ടോബർ | 14,000/- |
| നവംബർ | 14,000/- |
| ഡിസംബർ | 14,000/- |
| ജനുവരി | 14,000/- |

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹാജരാക്കിയ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ ധനകാര്യ വിശകലനത്തിൽ കെയർ ഗിവർക്ക് 14,000/- രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് പ്രസ്തുത നിരക്കിൽ വേതനം അനുവദിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.
എന്നാൽ ധനകാര്യ വിശകലനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വഴി അനുവദിക്കുന്ന തുകയുടെ ചെലവാണ് വ്യക്തമാക്കിയിട്ടുള്ളത്.
പകൽ വീട് പദ്ധതിയിൽ വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുമ്പോൾ സബ്സിഡി മാർഗ്ഗ നിർദേശങ്ങൾ പാലിക്കണമെന്നിരിക്കെ അപ്രകാരം മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെയാണ് 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുടർന്ന് പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1-31 വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകൾക്കായി ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) |
|---|---|---|---|
| 1 | ജലജീവൻ പദ്ധതി (92/22)<br>അടങ്കൽ തുക-₹2,00,000/- (വികസനഫണ്ട്) | കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 2,00,000/-<br>ബിൽ നം – 34<br>തീ 10-02-2022 |
| 2 | ജലജീവൻ പദ്ധതി /22)<br>അടങ്കൽതുക-₹88,755 (വികസനഫണ്ട്) | കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 88,755/-<br>ബിൽ നം-35<br>തീ 10-02-2022 |
| | | ആകെ | 2,88,755/- |

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടിനായി ഭൂജലവകുപ്പ്, ജില്ലാ ഓഫീസ്, കൊല്ലം ഒടുക്കുവരുത്തിയിട്ടുള്ള തുക ഭാഗികമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

| പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക |
|---|---|---|
| ബഡ്സ് സ്കൂൾ കുഴൽകിണർ നിർമ്മാണം (169/22)<br>അടങ്കൽതുക – ₹1,50,000/- (വികസനഫണ്ട്) | ഭൂജലവകുപ്പ്,<br>ജില്ലാ ഓഫീസ്, കൊല്ലം | ₹94,329/-<br>ബിൽ നം-38<br>തീ. 26-02-2022 |

വിനിയോഗ സാക്ഷ്യപത്ര പ്രകാരം 43,740/-രൂപാ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ചു.

വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 2,88,755/- രൂപയും, ഭൂജലവകുപ്പിൽ നിന്നും തിരികെ കിട്ടാൻ അവശേഷിക്കുന്ന 50,589/-രൂപയും ഉൾപ്പെടെ 3,39,344/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയും, ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടനികുതി നിർണ്ണയിച്ചിട്ടില്ല

ശ്രീ. മുഹമ്മദ് റാഫി, ഫാത്തിമ മൻസിൽ, റോഡുവിള എന്ന വ്യക്തിയുടെ വാണിജ്യകെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം First Floorലെ കടമുറികൾക്ക് (ആകെ 233.97 ചതുരശ്ര മീറ്റർ) കെട്ടിടനികുതി നിർണ്ണയിച്ച് V/740, V/801,V/802, V/803 എന്നീ നമ്പറുകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ മേൽ കടമുറികൾക്കൊപ്പം 20.16 ചതുരശ്ര മീറ്ററുള്ള സ്റ്റെയർ റൂമിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി<br>വസ്തുനികുതി Rs.90/m$^2$ | 20.16*90 = ₹1,815/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | ₹363/- |
| 5% LC | ₹109/- |
| ആകെ | ₹2,287/- |

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 20.16 ചതുരശ്ര മീറ്റർ സ്റ്റെയർ റൂമിന് വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്. നികുതി നിർണ്ണയത്തിലെ കുറവ് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായതിനാൽ തെറ്റായി നികുതി നിർണ്ണയിച്ച ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/18.11.22

വരവ് നഷ്ടം – 2,287/-രൂപ

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി - വാങ്ങിയ THRS മുഴുവൻ വിതരണം ചെയ്തിട്ടില്ല

അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി പ്രകാരം വാങ്ങിയ THRS സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതി, നം. | അങ്കണവാടി പോഷകാഹാര വിതരണം (45/22) |
| അടങ്കൽ തുക | ₹10,50,000/- (വികസനഫണ്ട് )<br>₹2,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹2,00,000/- (CFC ഫണ്ട്) |
| ചെലവ് തുക | ₹10,50,000/- (വികസനഫണ്ട്)-(ബിൽ നം.1/18.8.21)<br>₹1,95,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹2,00,000/- (CFC ഫണ്ട്) |

1. വാങ്ങിയ THRS മുഴുവൻ വിതരണം ചെയ്തിട്ടില്ല.

ഇൻ വോയ്സ് നം. 269/5.10.2020 പ്രകാരം വാങ്ങിയ 2541Kg THRSൽ 2506 Kg THRS മാത്രമേ അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ളൂ (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 11). ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് കുറവു വന്ന 35 Kg കല്പതരു ന്യൂട്രിമിക്സിൽ ആവശ്യപ്പെട്ടുകൊണ്ടു വിതരണം നടത്തി കൊള്ളാമെന്നാണ്. 2541Kg നായി തുക ഒടുക്കിയെങ്കിലും 2506 Kg മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ 35 കിലോഗ്രാമിന്റെ വില 2,573/- രൂപ(35x73.5) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. THRS വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഇൻവോയ്സ് നം. 278/25.11.2020 പ്രകാരം വാങ്ങിയ 2511Kg THRS സ്റ്റോക്കിലെടുത്തിട്ടില്ല.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് 2511Kg THRS സ്റ്റോക്ക് രജിസ്റ്ററിലുൾപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ്. വാങ്ങിയ അളവിന്റെയും വിതരണത്തിന്റെയും കൃത്യത ബോധ്യപ്പെടാത്തതിനാൽ 2511Kg THRS വാങ്ങാനായി ചെലവഴിച്ച 1,84,558/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/15.11.22

നിരാകരിച്ച തുക- 2,573/- രൂപ

തടസ്സപ്പെടുത്തിയ തുക- 1,84,558/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 14.11.2022 & 15.11.2022 | കെ.എസ്.എ.കെ.എൽ.എം.പി3/2137/2022 തീയതി 01.02.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 178500/- | നെൽകൃഷിവികസനം | 178500/- | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 349600/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 349600/- | _ |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 472050/- | ബഡ്സ് സ്കൂൾ അധ്യാപികയ്ക്കും കുട്ടികൾക്കും വേതനം | 472050/- | _ |
| ജില്ലാ പഞ്ചായത്ത് | 2021-22 | 226380/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 226380/- | _ |
| ജില്ലാ പഞ്ചായത്ത് | 2021-22 | 369394/- | പാപ്പാലോട് അംഗൻവാടി നമ്പർ 14 കെട്ടിട നിർമ്മാണം | 369394/- | _ |
| ജില്ലാ പഞ്ചായത്ത് | 2021-22 | 400000/- | 504-അംഗൻവാടി നമ്പർ 22 കെട്ടിട നിർമ്മാണം | 400000/- | _ |
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000/- | അടയറ അംഗൻവാടി നമ്പർ 15 കെട്ടിട നിർമ്മാണം | 400000/- | _ |
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000/- | കട്ടേനിൽ അംഗൻവാടി നമ്പർ 26 കെട്ടിട നിർമ്മാണം | 400000/- | _ |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ഇത്തിക്കര ആറ്റിൽ കുടിവെള്ളസംരക്ഷണ ചെക്ക് ഡാം | XVFC/21-22/P/18 09.03.2022 | 23,20,008/- | 0 | 23,20,008/- |
| വാട്ടർ അതോറിറ്റി | ജലജീവൻ | UTR No RBI0432205635748 RBI0432205635749 | 2,88,755/- | 2,88,755/- | - |
| കെ എസ് ഇ ബി | ലൈൻ എക്സ്റ്റൻഷൻ | UTR No RBI0202263313361 RBI0602225055880 | 6,62,856/- | 6,62,856/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 51,80,000/- രൂപ വരവുണ്ട്. തൻവർഷം തുക വിനിയോഗിച്ചിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ.(എം.എസ്സ്) 1884/15 | - | 84,82,184/- | 27,59,336/- | 10,58,760/- | 57,22,848/- |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണം | /തസ്വഭവ തീയതി- 23.06.2015 | | | | | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്സ്) 2278/18 /തസ്വഭവ തീയതി- 13.08.2018 | 51,80,000/- | 1,76,87,887/- | 25,37,333/- | - | 2,03,30,554/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹25,73,638/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹1,99,457/- |
| ആകെ | ₹27,73,095/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹27,73,095/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| | സർവ്വീസ് സഹകരണ ബാങ്ക്, വെളിനല്ലൂർ | 04/09/2018 | 2021-22 | 27,73,095/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40,079/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2001-02 | 3-5 | 1,000/- | സെക്രട്ടറി | 121010103003/29.12.21 |
| 2009-10 | 3-5 | 905/- | സെക്രട്ടറി | 121010103075/03.01.22 |
| 2011-12 | 3-14 | 5,720/- | വെറ്റിനറി സർജൻ | 121010103291/1.01.2022 |
| 2012-13 | 2(3) | 750/- | ലൂക്കോസ് വി ബിവറേജസ് കോർപ്പറേഷൻ | 121010103076/03.01.22 |
| 2013-14 & 2014-15 | 3-14(1) | 360/- | ഷീജ | 121010103077/03.01.22 |
| 2013-14 & 2014-15 | 3-14(2) | 360/- | സലീന | 121010103078/03.01.22 |
| 2013-14 & 2014-15 | 3-6 | 20,654/- | സെക്രട്ടറി | 022663429202122/18.01.22 |
| 2012-13 | 3-1 | 10,090/- | സെക്രട്ടറി | 022063134202122/18.01.22 |
| 2012-13 | 2-4 | 240 | ബൈജു | 12101010216/24.11.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ പാറക്വാറികൾക്ക് ലൈസൻസ് അനുവദിക്കൽ | വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ്പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,287/- | - | ശ്രീമതി ഷൈനി ബി, സെക്രട്ടറി |
| 3-1 | - | 2,573/- | ശ്രീമതി അമ്പിളി പി വി, ഐ സി ഡി എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3,44,000/- | ഡോ. ഹരികുമാർ നമ്പൂതിരി കെ യു, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-19 | 14,842/- | ഡോ. അനിത ബി വി, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-20 | 1,26,800/- | ഡോ. അപ്സര, വെറ്റിനറി സർജൻ |
| 1-23 | 1,84,558/- | ശ്രീമതി അമ്പിളി പി വി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-24 | 23,20,000/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |
| 1-29 | 90,800/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |
| 1-31 | 3,39,344/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈനി ബി, സെക്രട്ടറി | സെക്രട്ടറി, വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | വാസന്തിഭവനം, തഴുത്തല, കൊട്ടിയം-691571 |
| ശ്രീമതി അമ്പിളി പി വി, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ ചടയമംഗലം | വസന്തം ഭവനം, ചാവർകോട്, പാരിപ്പള്ളി-691574 |
| ഡോ. ഹരികുമാർ നമ്പൂതിരി കെ യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഇടശ്ശേരി മഠം, കോവൂർ പാളയം പി ഒ, വർക്കല-695146 |
| ഡോ. അനിത ബി വി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | സൗപർണ്ണിക, ഹോസ്പിറ്റൽ ജം. പാറശ്ശാല-695502 |
| ഡോ. അപ്സര, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | തോട്ടത്തിൽ കുഴമട പാരിപ്പള്ളി-691574 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(2), തീയതി, 22.3.18 | 24, 30, 39 | - |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(3), തീയതി, 22.3.18 | 28, 29, 39 | 29 കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(4), തീയതി, 22.3.18 | 2-2, 2-3, 3-3 (എ, സി, ഡി), 3-7 | - |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(5), തീയതി, 22.3.18 | 2-1, 3-1 , 3-5 3-8 | - |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(6), തീയതി, 22.3.18 | 3-5, 3-8, 3-14 | - |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(7), തീയതി, 22.3.18 | 3-2(1,2,5,6,7,8, 9-മുതൽ 17 വരെ) | - |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(8), തീയതി, 22.3.18 | 3-5, 3-15 | - |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(9), തീയതി, 22.3.18 | 3-6 (1,3) | - |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(1)/2019തീയതി,12.06.2019 | 2-1, 3-2, 3-3, 3-8 | - |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(2)/2019തീയതി,12.06.2019 | 3-4, 3-5,3-7, 3-9 | - |

| | | | |
|---|---|---|---|
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(3)/2019തീയതി,12.06.2019 | 3-2, 3-4,3-5 | - |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(4)/2019തീയതി,12.06.2019 | 2-1, 2-2, 3-2, 3-3 3-4, 3-5, 3-6, 3-9 | - |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(5)/2019തീയതി,12.06.2019 | 2-1, 3-3 3-4 (1,2) , 3-5, 3-6, 3-8, 3-9, 3-11, 3-12 | - |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2011-12/135/22/25.08.22 | 2-4,2-5,2-6,3-2,3-6,3-12,3-13 | - |
| 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2012-13/135/22/25.08.22 | 3-8 | ഖ. 2-4 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2013-2014&2014-2015/135/22/25.08.22 | 3-4 , 3-5, 3-7, 3-10(1), 3-12 | - |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-3/ അദാലത്ത്-2015-16/135/22/25.08.22 | 3-2, 3-5 | - |
| 2016-17 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1448/17 /തീയതി, 16.8.17 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2017-18 | കെ.എസ്.എ/കെ.എൽ.എം.പി-3/ 362/19 തീയതി-30.04.2019 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2018-19 | കെ.എസ്.എ/കെ.എൽ.എം.പി-3/ 316/20 തീയതി-09.06.2020 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2019-20 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1566/2021 തീയതി-27.05.2022 | എല്ലാ ഖണ്ഡികകളും | - |
| 2020-21 | കെ.എസ്.എ/കെ.എൽ.എം.പി-3/ /2021 തീയതി- | എല്ലാ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.